# പാമ്പാടിത്തിരുമേനി: വേദവിശുദ്ധിയുടെ നിറകുടം

ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കളങ്കമില്ല! എന്ന് യേശുക്രിസ്തു നഥനയേലിനെക്കുറിച്ച് പറഞ്ഞെങ്കിൽ, പാമ്പാടിത്തിരുമേനിയേക്കുറിച്ചു പറയാനും മറ്റൊരു വാചകമില്ല. മലയാളക്കരയിൽ യേശുക്രിസ്തുവിനെ അക്ഷരാർത്ഥത്തിൽ പിൻപറ്റിയ അഗ്രഗണ്യരിൽ ഒരുവനാണ് പരിശുദ്ധ പാമ്പാടിത്തിരുമേനി. അന്ത്യോക്യായിലെ അബ്ദുള്ളാ പാത്രിയർക്കീസ് പരിശുദ്ധ പിതാവിനെക്കുറിച്ച് അപ്രീതികരമായി പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയോട് പ്രതിപാദിച്ചപ്പോൾ അദ്ദേഹം പാത്രിയർക്കീസിനെ തിരുത്തിക്കൊണ്ട് പറഞ്ഞു, ''പരുമലയിലെ മാർ ഗ്രീഗോറിയോസിന്റെ ആത്മാവുള്ള വിശുദ്ധനാണദ്ദേഹം.'' ഇതിൽ വലിയ സാക്ഷ്യം എവിടെ നിന്ന് ലഭിക്കാനാണ്? ഈ പരിശുദ്ധൻ ക്രിസ്തുവിനെ ജീവിതമാതൃകയാക്കുകയും ക്രിസ്താനുഭവത്തെ സമൂഹത്തിന് പ്രദാനം ചെയ്യുകയും ചെയ്തു. ഈ പുണ്യപിതാവ് തലമുറകൾക്ക് കണ്ണാടിയായി ഇന്നും പരിലസിക്കുന്നു. സഭ ഔദ്യോഗികമായി പ്രഖ്യാപിച്ചില്ലെങ്കിലും ജാതിമതഭേതമതെന്യേ ജനസഹസ്രങ്ങളുടെ ഹൃദയത്തിൽ അദ്ദേഹം മഹാപരിശുദ്ധനാണ്.

**തലമുറകൾക്ക് കണ്ണാടിയായിത്തീർന്ന വിശുദ്ധൻ**

''തന്റെ ജീവനെ കണ്ടെത്തുന്നവൻ അതിനെ കളയും തന്റെ ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും'' എന്ന് യേശുതമ്പുരാൻ പറഞ്ഞ വാക്കിനെ അക്ഷരംപ്രതി പാലിച്ച് ലോകത്തെ ഉപേക്ഷിച്ച് പൊത്തൻപുറം കുന്നിലേക്ക് നടന്നു കയറിയപ്പോൾ അദ്ദേഹം ക്രിസ്തുവിന്റെ സത്യാന്വേഷിയായിരുന്നു. സാധാരണ മനുഷ്യർ ലോത്തിനേപ്പോലെ നീരോട്ടമുള്ള ശാദ്വലപ്രദേശങ്ങളിലെ ലൗകായികതയെ പ്രണയിക്കുമ്പോൾ അസാധാരണ മനുഷ്യർ ഊഷരഭൂമികളിൽ ദൈവത്തെ അന്വേഷിക്കുന്നു. ലൗകികതയിൽ മുഴുകിയവർ മലനിരകളും വനങ്ങളും കാണുന്നെങ്കിലും അവർക്ക് അതിൽ യാതൊരസാധാരണത്വവും തോന്നുകയില്ല. അതിന്റെ ഭംഗി അവർക്കാസ്വദിക്കാൻ കഴിയുകയില്ല. എന്നാൽ ആത്മീയർക്ക് അതിനുള്ളിൽ മറഞ്ഞിരിക്കുന്ന നിധികളും ഖനികളും കാണുവാനുള്ള ആത്മീയ കരുത്തുണ്ട്. നിധിമറഞ്ഞിരിക്കുന്ന കൃഷിസ്ഥലം കണ്ട് തന്റെ സർവ്വ സമ്പാദ്യവും വിറ്റ് ആ സ്ഥലം വാങ്ങിയ കർഷകനേപ്പോലെ പൊത്തൻപുറംകുന്നിൽ ദൈവത്തിന്റെ മഹത്വം കാണുവാൻ പറ്റിയ ഇടമാണെന്ന് മനസ്സിലാക്കി അവിടേക്കു കയറി പർണ്ണശാല കെട്ടി ദൈവസാന്നിധ്യത്തിൽ രാപകലുകൾ പിന്നിട്ടു. അദ്ദേഹം അവിടെ മാലാഖമാരുടെ ശബ്ദം കേട്ടു. വ്യാവഹാരികലോകത്തിന്റെ ശബ്ദ കോലാഹലത്തിൽ ജീവിക്കുന്ന നമുക്ക് ഈ ശബ്ദം ശ്രാവ്യമല്ല. കാരണം അവ അശുഭകരമായ ശബ്ദം കേട്ട് തഴമ്പിച്ചു പോയവയാണ്. അദ്ദേഹത്തെപ്പോലെ ലോകത്തിന്റെ തിരക്കുകളിൽനിന്നൊഴിഞ്ഞ് ദൈവസംസർഗ്ഗം കാംഷിക്കുന്ന വിശുദ്ധർക്കു മാത്രമേ മാലാഖമാരുടെ സംഗീതമാധുരി കേൾക്കുവാൻ സാധിക്കയുള്ളൂ. ദൈവസംസർഗ്ഗം അദ്ദേഹത്തെ വിശുദ്ധിയുടെ പടികൾ കയറ്റി. വേദവിശുദ്ധിയിലിരിക്കുന്നവർ സത്യപ്രകാശത്തിന്റെ ഉറവകളാണ്. അങ്ങനെയുള്ളവരിൽനിന്ന് നിരന്തരമായി പ്രേക്ഷണം ചെയ്യപ്പെടുന്ന കാന്തി ദൈവാവബോധത്തിന്റെ നവനീതമാണ്. അതുപോലെതന്നെ വിശുദ്ധന്റെ ഹൃദയം പ്രപഞ്ചത്തെ ആകർഷിക്കുന്ന മഹാകാന്തമാണെന്നു പറയുന്നു. അതിന്റെ അണിമയിലും ലഘിമയിലും സർവ്വലോകത്തേയും പ്രകമ്പനം കൊള്ളിക്കുവാൻ പര്യാപ്തമായ അന്തർവാഹിനി ഒളിഞ്ഞിരിപ്പുണ്ട്. അങ്ങനെ അദ്ദേഹം തന്റെ അടുക്കലേക്ക് അനേകരെ ആകർഷിക്കുകയും ആകർഷിക്കപ്പെട്ടവർക്ക് വിശുദ്ധിയുടെ കേദാരങ്ങളെ കാട്ടിക്കൊടുക്കുകയും ചെയ്തു.

**ദൈവത്തിന്റെ മനസ്സലിവുള്ള താപസ്സൻ**

യേശുക്രിസ്തു തന്റെ അടുക്കൽ വന്ന എല്ലാവർക്കും അവരുടെ ക്ളേശങ്ങളിൽനിന്ന് ആശ്വാസം നൽകിയതായി പറയുന്നതുപോലെ പാമ്പാടിത്തിരുമേനിയുടെ അടുക്കൽ ആരൊക്കെ വന്നോ അവരൊക്കെ ആശ്വാസം പ്രാപിച്ചാണ് തിരികെ പോയിട്ടുള്ളത്. അവരിൽ രോഗികളുണ്ട്, യാചകരുണ്ട്, വിശന്നുവലഞ്ഞവരുണ്ട്, മറ്റ് പലവിധമായ ക്ളേശമനുഭവിക്കുന്നവരുണ്ട്. അർത്ഥക്ളിഷ്ടിതമായ കാലഘട്ടത്തിൽ തന്റെ മുമ്പിൽ വരുന്നവരാരെന്നു വ്യവച്ഛേദിക്കാതെ കയ്യിലുള്ളതൊക്കെ എടുത്തു കൊടുക്കുന്ന യോഗിയെയാണ് പാമ്പാടിത്തിരുമേനിയിൽ നാം കാണുന്നത്. യേശു തന്റെ ശിഷ്യന്മാരെ പറഞ്ഞയക്കുമ്പോൾ അവരോട് കല്പിച്ചു, ''സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി നിങ്ങൾ കൊടുപ്പിൻ.'' ഈശ്വരീയതയെ സർവ്വോൽകൃഷ്ടമെന്നു കരുതുന്ന ഒരുവന് അവന്റെ ദൃഷ്ടിയിൽ സ്വന്തമായി സൂക്ഷിക്കുവാൻ അർഹമായി ഒരു നിധിയുമില്ല. അവനു ലഭിക്കുന്നതൊക്കെയും അപ്പപ്പോൾ ദാനം ചെയ്തുകൊണ്ടേയിരിക്കും. അവൻ സൂര്യനേപ്പോലെ

ത്യാഗിയാണ്. സൂര്യൻ ഓരോ നിമിഷവും പ്രപഞ്ചധാരണത്തിനായി അവന്റെ ഊർജ്ജത്തെ ബലിദാനം ചെയ്യുന്നതുപോലെയാണ് യോഗിയും. പട്ടിണിയായി വന്നവന്, തനിക്കു വച്ചിരുന്ന കഞ്ഞിയിലെ ചോറൂറ്റിക്കൊടുത്തിട്ട് താൻ വെള്ളം ഉപ്പൊഴിച്ചു കുടിച്ചതും. വൈകുന്നേരത്തെ കഞ്ഞിക്കു വച്ചിരുന്ന ഉരിയെ അരി ഭിക്ഷക്കാരനുകൊടുക്കാൻ നിർബന്ധിച്ചതും, തനിക്കു ലഭിച്ച വിശേഷമായ കമ്പിളിപ്പുതപ്പ് യാചകന് നല്കുകയും അതുകണ്ട ശിഷ്യൻ അവനിൽനിന്ന് ബലാൽക്കാരേണവാങ്ങിയതറിഞ്ഞ് അത് യാചകന് തിരികെ കൊടുക്കാൻ ശിഷ്യനെ ആലാംപള്ളി വരെ ഓടിച്ചതും ഒക്കെ ഈ ത്യാഗമനോഭാവത്തിന്റെയും ഈശ്വര സ്നേഹത്തിന്റെയും പരമകാഷ്ഠയിലാണ്. ഈശ്വരസ്നേഹമാണ് പരസ്നേഹത്തിലേക്ക് ഒരുവനെ നയിക്കുന്നത്.

**നിഷ്കാമിയായ കർമ്മയോഗി**

ക്രിസ്തു യേശു മനുഷ്യരുടെ ഇടയിലേക്കിറങ്ങി അവരെ ഉദ്ധരിച്ചതുപോലെ പാമ്പാടിത്തിരുമേനി മനുഷ്യരുടെആവശ്യം അറിഞ്ഞ് അവരുടെ ഇടയിലേക്കിറങ്ങി അവരെ നടത്തിയ പിതാവാണ്. തന്റെ ദേഹത്ത് പൊടിപറ്റാതെ നോക്കുവാൻ അദ്ദേഹം ശ്രമിച്ചില്ല പകരം തന്റെ ജനത്തിന്റെ ആകുലതകൾ മനസ്സിലാക്കി അവരെ സേവിക്കുന്നതിൽ വ്യഗ്രത കാണിച്ചു. കുന്ദംകുളം ദേശത്ത് പ്ളേഗ് ബാധിച്ച് ആളുകൾ മരിച്ചുവീഴുന്നത് കേട്ടറിഞ്ഞ് പലരുടേയും മുന്നറിയിപ്പുകൾ അവഗണിച്ച് അവിടെ എത്തി ഓരോ ഭവനങ്ങളിലും കയറിയിറങ്ങി അവർക്കുവേണ്ടി പ്രാർത്ഥിച്ച് പ്ളേഗുബാധയെ നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുവാൻ കാണിച്ച ധൈര്യം ദൈവത്തിന്റെ വിചാരമുള്ളവർക്കുമാത്രമേ സാധിക്കയുള്ളൂ. അവിടെനിന്നു തിരികെ വരുമ്പോൾ കൊച്ചീരാജാവു നൽകിയ സ്വർണ്ണക്കിഴി തനിക്കുവേണ്ട അവശത അനുഭവിക്കുന്നവർക്കു നൽകൂ എന്നു പറയുവാനുള്ള ആർജ്ജവത്വം ഒരു നിഷ്കാമകർമ്മിക്കു മാത്രമേ ഉള്ളൂ. പള്ളികളിൽ വഴക്കുണ്ടാകുമ്പോൾ അവിടെപ്പോയിത്താമസിച്ച് അവർക്കുവേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ഒരു മുക്തമാനസനല്ലാതെ ആർക്കു സാധിക്കും? ഒരുവന്റെ ധനം ധാരാളമായി ദാനം ചെയ്യുന്നതിലല്ല ഔദാര്യത്തിന്റെയും ത്യാഗത്തിന്റെയും ലക്ഷണം. പ്രതിഫലേഛയില്ലാതെ തന്നെത്തന്നെ അർപ്പണം ചെയ്യുന്നവനാണ് യഥാർത്ഥ ത്യാഗി. പലരും ദാനധർമ്മങ്ങൾ ചെയ്യുമെങ്കിലും തന്നെത്തന്നെ ത്യജിച്ച് കർത്താവിന്റെ ക്രൂശെടുക്കുന്നവർ സമൂഹത്തിൽ തുലോം കുറവാണ്. പാമ്പാടിത്തിരുമേനി അതിനൊരപവാദമാണ്. തനിക്കൊരു പിൻഗാമിയെ സഭകൽപ്പിച്ചാക്കിയപ്പോൾ മെത്രാസന ഭരണം ഏതാണ്ട് പൂർണ്ണമായിത്തന്നെ അദ്ദേഹത്തെ ഏല്പിച്ച് സ്വസ്ഥനായിരിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നതെന്ന് കണ്ടറിവുള്ളവർ പറയുന്നു. അധികാരസ്ഥാനങ്ങളിൽ ആസക്തനല്ലാത്ത അധികാരിയെ ലോകം വിശുദ്ധനെന്നു വിളിച്ചില്ലെങ്കിൽ പിന്നെ ആരെയാണ് വിളിക്കുക?

അനുസരണമുള്ള മകനേപ്പോലെ ദൈവമുമ്പാകെ കാണപ്പെട്ടു. വിശുദ്ധ വേദത്തിലെ കല്പനകളെ അണുവിട വ്യത്യാസം കൂടാതെ കാപ്പാനും ഭാരതീയരായ മുനിമാരേപ്പോലെ ജീവിപ്പാനും അദ്ദേഹം ശ്രദ്ധിച്ചു. ആരാധനയിൽ നിഷ്കർഷ പാലിച്ചു. രഹസ്യപ്രാർത്ഥനയിലൂടെ ദൈവിക രഹസ്യങ്ങളെ രുചിച്ചറിഞ്ഞു. അബ്രഹാമിനേപ്പോലെ അതിഥികളെ സൽക്കരിച്ചു. നല്ല ഇടയനേപ്പോലെ തന്റെ മക്കളെ വഴിനടത്തി. വാത്സല്യവാനായ പിതാവിനേപ്പോലെ പക്ഷികളേയും മൃഗജാലങ്ങളേയും സ്നേഹിച്ചു. സമസ്ത മേഖലകളിലും നമുക്കു മാതൃക വച്ചിട്ട് താതന്റെ സന്നിധിയിലേക്ക് കരേറി. ഇന്നും നമുക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുന്നു. പരിശുദ്ധ പിതാവേ പാപികളായ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.

**ഫാ. ഡോ. വർഗ്ഗീസ് കെ. ജോഷ്വാ, ഞാലിയാകുഴി ദയറാ**